**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*111 11.02.2016 -ലെ മറുപടിയ്ക്ക്

# ആഗോള വിദ്യാഭ്യാസ സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>,, കോടിയേരി ബാലകൃഷ്ണൻ<br>,, പി.കെ.ഗുരുദാസൻ<br>,, ആർ. രാജേഷ് : | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രത്യേക വിദ്യാഭ്യാസ മേഖല ആരംഭിക്കുന്നതിന് ആഗോള വിദ്യാഭ്യാസ സംഗമം സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ആഗോള വിദ്യാഭ്യാസ സംഗമം 2016 ജനവരി 29,30 തീയതികളിൽ കോവളത്ത് വെച്ച് നടന്നു. |
| (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളേയും സർക്കാർ കോളേജുകളേയും കോർപ്പറേറ്റുകൾക്ക് അടിയറവയ്ക്കാനുള്ള നീക്കമാണ് ഇതിനു പിന്നിലെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; ഇത് പരിഗണിച്ചിട്ടുണ്ടോ; | (ബി) | ആക്ഷേപങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ല. |
| (സി) | വിദ്യാഭ്യാസ സംഗമത്തിൽ പങ്കെടുക്കുന്നതിനായി ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (സി) & (ഡി) | ആഗോള വിദ്യാഭ്യാസ സംഗമത്തിൽ 29 പേർ അന്താരാഷ്ട്ര പ്രസ്ഥാനങ്ങളെയും 46 പേർ ദേശീയ സ്ഥാപനങ്ങളെയും 86 പേർ സംസ്ഥാനത്തെ സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ച് പങ്കെടുക്കുകയുണ്ടായി. |
| (ഡി) | വിദേശ സർവ്വകലാശാലകൾ സംഗമത്തിൽ പങ്കെടുക്കുന്നുണ്ടോ; ഏതെല്ലാം സർവ്വകലാശാലകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | | |
| (ഇ) | ആഗോള വിദ്യാഭ്യാസ സംഗമത്തിന് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ഇ) | ഏകദേശം 55 ലക്ഷം രൂപ |

| | | | |
|---|---|---|---|
| (എഫ്) | പ്രത്യേക വിദ്യാഭ്യാസ മേഖലയിൽ കോഴ്സുകൾ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എഫ്) | (1) അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് അക്കാഡമിക് സിറ്റി അതോറിറ്റിയുടെ കീഴിൽ ഏക ജാലക സംവിധാനത്തിലൂടെയുള്ള അനുമതികൾ<br>(2) സ്റ്റാമ്പ്ഡ്യൂട്ടിയിനത്തിലെ ഇളവുകൾ<br>(3) അടിസ്ഥാന സൗകര്യങ്ങളായ , റോഡ്, ജലം, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യങ്ങൾ അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ മേഖലയുടെ ക്യാമ്പസ് അതിർത്തിവരെ ലഭ്യമാക്കുന്നതാണ്. |
| (ജി) | ഈ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾകളിൽ പ്രവേശനത്തിന് സംവരണതത്വം പാലിക്കപ്പെടുമോ; ആഗോള വിദ്യാഭ്യാസ സംഗമം സംബന്ധിച്ച് വിദ്യാർത്ഥികളും അക്കാദമിക സമൂഹവും ഉയർത്തിയിട്ടുള്ള പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തീരുമാനം പുനഃ പരിശോധിക്കാൻ തയ്യാറാകുമോ? | (ജി) | അക്കാദമിക നിലവാരത്തിൽ വിട്ടുവീഴ്ച വരുത്താതെ ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകി വരുന്ന രീതിയിൽ സംവരണ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ യഥാസമയം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ